**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3788** **06-08-2021 - ൽ മറുപടിയ്ക്ക്**

**അനാഥരായ കുഞ്ഞുങ്ങൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരായ കുഞ്ഞുങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുമോ? | (എ) | ഉണ്ട്. സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ കുട്ടികളുടെ സംരക്ഷണം നടപ്പിലാക്കുന്ന 'കൈതാങ്ങ് പദ്ധതി ‘ 2013-14 വർഷം മുതൽ നടപ്പിലാക്കി വരുന്നു. അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചു പോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ, എന്നിവരെ സംരക്ഷിക്കുന്നതിനായി പ്രതിമാസം 1500/- രൂപ വീതം ധനസഹായം നൽകി വരുന്നു. കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിൽ കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ ടി ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ